# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുത്തിയതോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-2/731/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 25/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുത്തിയതോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-2/731/2021 തീയ്യതി: 25/09/2021

## ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2020 മുതൽ 31-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 16-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2021 | 16-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്.എൽസമ്മ.ഓഡിറ്റ് ഓഫീസർ
ശ്രീ.വി.കെ.പുഷ്പരാജ്,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ടി.എം.റോയി.അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രീത,ഓഡിറ്റർ
ശ്രീമതി.ലേഖ.ഓഡിറ്റർ
ശ്രീ.സിജി ജോൺ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| പ്രേമരാജപ്പൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി എസ് വിപിനചന്ദ്രൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |
| സൂസമ്മ | കൃഷി ഓഫീസർ | 01-04-2019 | 10-10-2019 |
| സിജി എൻ നാഥ് | കൃഷി ഓഫീസർ | 11-10-2019 | 31-03-2020 |
| ഡോ ഗീത | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ ജിജിമോൾ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.സംഗീത് നാരായൺ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ജയശ്രീ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 19-12-2019 |
| സ്വപ്ന | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 20-12-2019 | 04-02-2020 |
| റീന പത്മനാഭൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 05-02-2020 | 31-03-2020 |
| ജലജ വി പൈ | പ്രധാന അധ്യാപിക, ഗവ. എൽ.പി.എസ് | 01-04-2019 | 31-03-2020 |
| ഷംനാദ് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 18-07-2019 |
| രാജേഷ് രാജൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 19-07-2019 | 20-11-2019 |
| ജാൻസി | അസിസ്റ്റന്റ് എഞ്ചിനീയർ | 21-11-2019 | 31-03-2020 |
| മഹേഷ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നാലുകുളങ്ങര | 01-04-2019 | 31-03-2020 |
| സന്ദീപ് | വില്ലേജ് എക്സ്റ്റെൻഷൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ കുത്തിയതോട് | | |
| ആഷ ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ലീന ഡെന്നീസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| അജയകുമാർ പി | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.സേതുമാധവൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 01-04-2019 | 01-06-2019 |
| ഡോ സുരേഷ്കുമാർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 02-06-2019 | 16-06-2019 |
| ഡോ അഖില | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 17-06-2019 | 02-02-2020 |
| ഡോ റൂബി ആർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 03-02-2020 | 28-02-2020 |
| ഡോ കീർത്തി കെ കുട്ടൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 29-02-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 19-08-2021)<br>Last Updated By: Elsamma (Audit Officer, On 18-09-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Elsamma (Audit Officer, On 14-08-2021)<br>Last Updated By: Elsamma (Audit Officer, On 18-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 14-08-2021)<br>Last Updated By: Lekha (Auditor, On 25-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 14-08-2021)<br>Last Updated By: Elsamma (Audit Officer, On 18-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 14-08-2021)<br>Last Updated By: Lekha (Auditor, On 25-08-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Elsamma (Audit Officer, On 14-08-2021)<br>Last Updated By: Lekha (Auditor, On 25-08-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Elsamma (Audit Officer, On 19-08-2021)<br>Last Updated By: Elsamma (Audit Officer, On 18-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Lekha (Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 18-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 19-08-2021)<br>Last Updated By: Elsamma (Audit Officer, On 18-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Elsamma (Audit Officer, On 14-08-2021)<br>Last Updated By: Lekha (Auditor, On 25-08-2021) | 1-10 |
| 11 | രസീത് നൽകാതെ തുക ഈടാക്കി<br>Written By: Lekha (Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 18-09-2021) | 1-11 |
| 12 | തറവിസ്തീർണ്ണത്തിന് ആനുപാതികമായല്ലാതെ നികുതി ഈടാക്കി<br>Written By: Lekha (Auditor, On 16-08-2021)<br>Last Updated By: Elsamma (Audit Officer, On 18-09-2021) | 1-12 |
| 13 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Lekha (Auditor, On 16-08-2021)<br>Last Updated By: Elsamma (Audit Officer, On 18-09-2021) | 1-13 |
| 14 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Elsamma (Audit Officer, On 19-08-2021)<br>Last Updated By: Elsamma (Audit Officer, On 18-09-2021) | 1-14 |
| 15 | റിക്വസിഷൻ പ്രകാരമുള്ള മരുന്ന് ലഭിച്ചില്ല<br>Written By: Preetha (Auditor, On 18-08-2021)<br>Last Updated By: Elsamma (Audit Officer, On 18-09-2021) | 1-15 |
| 16 | ഫ്രണ്ട് ഓഫീസ് സൗകര്യങ്ങൾ ഒരുക്കൽ -വാങ്ങിയ ടി.വി സ്ഥാപിക്കാതെ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: T.M Roy (Senior Grade Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 18-09-2021) | 1-16 |
| 17 | പച്ചക്കറി കൃഷി -മൺചട്ടി, ഗ്രോബാഗ് -പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 1-17 |

| | | |
|---|---|---|
| | Written By: Joseph George (Senior Grade Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | |
| 18 | നെൽകൃഷി വികസനം-പ്രോജക്ട് വിശദാംശങ്ങൾ മുഴുവൻ ലഭ്യമാക്കിയില്ല<br>Written By: Joseph George (Senior Grade Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-18 |
| 19 | തെങ്ങിന് മരുന്നു തളി - പദ്ധതി തുക അഡ്വാൻസായി നൽകി<br>Written By: Joseph George (Senior Grade Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-19 |
| 20 | ദർഘാസ് പരസ്യങ്ങൾ വിൻഡോ മാതൃകയിൽ, നിർദിഷ്ട വലുപ്പത്തിൽ നൽകാതിരുന്നത് അധികച്ചെലവിനിടയാക്കി<br>Written By: Lekha (Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-20 |
| 21 | ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Preetha (Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-21 |
| 22 | മരുന്നുകൾ ലഭ്യമായില്ല<br>Written By: Preetha (Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-22 |
| 23 | ഓഡിറ്റ് ഇംപാക്ട്<br>Written By: Pushparaj V.K (Asst. Audit Officer, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പച്ചക്കറി കൃഷി -മൺചട്ടി, ഗ്രോബാഗ് -പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Elsamma (Audit Officer, On 31-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 14-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 14-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 14-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Elsamma (Audit Officer, On 14-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Elsamma (Audit Officer, On 14-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 14-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Elsamma (Audit Officer, On 14-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 14-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| | Written By: Elsamma (Audit Officer, On 20-08-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Elsamma (Audit Officer, On 14-08-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 24-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

12.02.2019 തീയതിയിലെ1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 129152266 | 126182001 |
| വാർഷികകണക്ക് പ്രകാരം | 76226622 | 69056735 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | | - | - |

കുത്തിയതോട് ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ എല്ലാ വാർഡുകളിലുമായി 87321 രൂപ കളക്ഷനൊപ്പം പ്രത്യേകം ഉൾപ്പെടുത്തിയാണ് 100% വസ്തുനികുതി പിരിവ് രേഖപ്പെടുത്തിയിട്ടുള്ളത്. Adjustments എന്ന് കളക്ഷനൊപ്പം ഉൾപ്പെടുത്തിയ ഈ തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കിയില്ല. ഈ സ്റ്റേറ്റ്മെന്റിൽ തന്നെ Advance Tax After Adjustments എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കിയില്ല.
2. Profession Tax Traders ഡി.സി.ബി രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ തമ്മിൽ 1260 രൂപയുടെ വ്യത്യാസമുണ്ട്. Profession Tax Employees ഡി.സി.ബി രജിസ്റ്ററിലെ Abstract ഈയിനത്തിൽ വാർഷിക കണക്കുകളിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും. രജിസ്റ്ററിൽ ഓരോ അർദ്ധവർഷത്തിലും ഓരോ സ്ഥാപനത്തിൽ നിന്നും ലഭിച്ച തുകകൾ രസീത് ഉൾപ്പെടെ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.
3. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2013-14 സാമ്പത്തിക വർഷം മുതലുള്ള ഡെപ്പോസിറ്റുകളുടെ ഒരു എക്സൽ ഷീറ്റാണ് പരിശോധനക്ക് ലഭ്യമാക്കിയത്. 2013-14 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന്റെ എല്ലാ ഡെപ്പോസിറ്റുകളും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്താനാകുന്നില്ല. തിരികെ നൽകുന്ന ഡെപ്പോസിറ്റുകളെ സംബന്ധിച്ച വിവരങ്ങളൊന്നും സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തുന്നില്ല ഓരോ ഇനത്തിലെയും Headwise Details കൃത്യമായി തയ്യാറാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ വരവ് ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.
4. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള വരവ് ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി മുതലായ ഏജൻസികൾക്ക് നൽകിയ ഡെപ്പോസിറ്റ് വർക്കുകളെ സംബന്ധിച്ച യാതൊരു വിവരങ്ങളും ഇതിനാൽ ലഭ്യമല്ല. M.G.N.R.E.G.S ജീവനക്കാരുടെ വേതനം ഉൾപ്പടെയുള്ള ചെലവുകൾ തനത്ഫണ്ടിൽ നിന്നും വർഷങ്ങളായി അഡ്വാൻസ് നൽകുന്നുണ്ടെങ്കിലും ഓരോ വർഷവും അഡ്വാൻസ് നൽകിയ തുക എത്ര, ഇതിൽ എത്ര റീഫണ്ടായി ലഭിച്ചു, എന്നുവരെയുള്ള റീഫണ്ടുകളാണ് തീർപ്പാക്കിയത് പോലുള്ള വിവരങ്ങൾ പോലും രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് പോലുള്ള തുകകളുടെ വിവരങ്ങളും ലഭ്യമല്ല.
5. വാർഷിക കണക്ക് പ്രകാരമുള്ള RP 40 (A), RP 40 (B) ശീർഷകങ്ങളിൽ ബാങ്ക് നീക്കിയിരുപ്പായി ഉൾപ്പെടുത്തിയ ജില്ലാ സഹകരണ ബാങ്ക് ദുരിതാശ്വാസ നിധി അക്കൗണ്ടിന്റെ പാസ്സ് ബുക്കോ അക്കൗണ്ട് സ്റ്റേറ്റ്മെന്റോ

പരിശോധനക്ക് ലഭ്യമാക്കിയില്ല. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

6. വാർഷിക കണക്ക് പ്രകാരമുള്ള RP 40 (A), RP 40 (B) ശീർഷകങ്ങളിൽ ബാങ്ക് നീക്കിയിരുപ്പായി ഉൾപ്പെടുത്തിയ T.P അക്കൗണ്ടിന്റെ പാസ്സ് ബുക്കോ അക്കൗണ്ട് സ്റ്റേറ്റ്മെന്റോ പരിശോധനക്ക് ലഭ്യമാക്കിയില്ല. ഈ അക്കൗണ്ടിന്റെ വിവരങ്ങൾ ഒന്നും പഞ്ചായത്തിൽ ലഭ്യമല്ല.

7. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

8. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ, ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions)

9. ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 പ്രകാരം Prior Period Income-Property Tax Non Residential Buildings ഉൾപ്പടെയുള്ള Prior Period Income എന്ന ഇനത്തിലുള്ള തുകകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

10. സ്ഥിരം നിക്ഷേപമായി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകക്ക് ലഭിക്കാനുള്ള പലിശക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions)

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21061132 |
| വരവ് | 76226622 |
| ആകെ | 97287754 |
| ചെലവ് | 69056735 |
| നീക്കിയിരിപ്പ് | 28231019 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | സോഴ്സിൽ പിടിച്ചത് | ആകെ | ചെലവ് പ്രോജക്ട് | ജി.ഓ. പ്രോജക്ട് | സി.ബി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 15510562 | 1426471 | 15510562 | 13458803 | 1426471 | 2051759 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 4730176 | | 4730176 | 3995251 | | 734925 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 223000 | | 223000 | 172000 | | 51000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 1791000 | | 1791000 | 723296 | | 723296 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4889000 | | 4889000 | 1690233 | | 1067704 |
| സി എഫ് സി | | 11294784 | | 11294784 | 3796047 | | 7498737 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 110680221 | 70 | 42660393 | 11 | 71 | 46% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 182053 | 1679494 | 1861547 | 1835042 | 26505 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 28480958 | 28480958 | 28480958 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 202440 | 305 |
| കർഷകതൊഴിലാളി പെൻഷൻ | 1094400 | 189 |
| വിധവാപെൻഷൻ | 4062600 | 733 |
| വാർദ്ധക്യകാലപെൻഷൻ | 12279300 | 2431 |
| വികലാംഗപെൻഷൻ | 1681900 | 296 |
| അവിവാഹിത പെൻഷൻ | 546600 | 94 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9-08-2021 തീയ്യതിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ/സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 4466/- രൂപ ക്യാഷ് ബാലൻസിന്റെ(നീക്കിയിരുപ്പിന്റെ) കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ കൃത്യമായി ഉൾപ്പെടുത്തുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. ഗ്രാമ പഞ്ചായത്തിൽ പണം സൂക്ഷിക്കുന്നതിന് ഇൻഷുറൻസ് കവറേജ് ഇല്ല.
3. ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ (എം.എസ്.) 123/2009/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നില്ല.
4. ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്ന അപേക്ഷകൾക്കും പരാതികൾക്കും യഥാസമയം സേവനം ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടില്ല.

5. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.
6. ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും വിലയിരുത്തൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.7.21 | 1.12.20-28.7.21 | 13.3.20 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.2.18 | 2012-13-2016-2017 | 21.6.18 |

## 1-11 രസീത് നൽകാതെ തുക ഈടാക്കി

കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി നൽകിയിരിക്കുന്ന രസീതു ബുക്ക് നം 42721 ൽ രസീത് നം 60 മുതൽ 100 വരെയുള്ള രസീതുകൾ എഴുതി നൽകാതെ ഓരോ വാർഡിലെയും കൺവീനർമാരുടെ പേരിൽ രസീത് നമ്പരുകൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി ആകെ 69470/- രൂപ 30.3.2020 ൽ പഞ്ചായത്തിൽ അടച്ചിരിക്കുന്നു. കൂടാതെ 2019 മുതൽ വിവിധ രസീതു ബുക്കുകളിൽ യഥാർഥ ഗുണഭോക്താക്കളിൽ നിന്നും പണം സ്വീകരിക്കാതെ വാർഡ് കൺവീനർ എന്നപേരിലാണ് രസീത് നൽകുന്നത്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ മറുപടി പ്രകാരം കോവിഡ് മൂലം ഓഫീസുകൾ അടച്ചിട്ടിരുന്ന സമയത്താണ് രസീത് നൽകാതിരുന്നത് എന്നു പറയുന്നതെങ്കിലും പിരിക്കുന്ന തുകയ്ക്ക് രസീത് നൽകാതിരിക്കുന്നത് ഗൌരവതരമായ കുറ്റമാണ്. കൺവീനർമാരിൽ നിന്നും ലഭിക്കുന്ന തുകയ്ക്ക് വ്യക്തിഗത രസീത് തന്നെ എഴുതി നൽകേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്തിന്റെ പ്രത്യേക അന്വേഷണം ആവശ്യമാണ്.
ഉദാ, രസീത് ബുക്ക് നം. 42707,42715,42717

## 1-12 തറവിസ്തീർണ്ണത്തിന് ആനുപാതികമായല്ലാതെ നികുതി ഈടാക്കി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17, തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 തസ്വഭവ എന്നിവ പ്രകാരം പഞ്ചായത്ത് 100 ച.മീറ്റർ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾക്ക് 40/-രൂപയും 100 ച.മീറ്ററിന് മുകളിലുള്ളവയ്ക്ക് 70/- രൂപയുമായി അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിലല്ലാതെ വിവിധ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി ഈടാക്കിയിരിക്കുന്നത്. ഇതുമൂലം അടിസ്ഥാന നികുതിയിൽ ഒരു ച.മീറ്ററിന് 20/- രൂപയുടെ നഷ്ടം ഉണ്ടാകുന്നു.

| ക്രമ നം. | പേര് | കെട്ടിടനമ്പർ / വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | ബാലൻസ് |
|---|---|---|---|---|---|
| 1 | ഡോ.ഗീത.ജി.പണിക്കർ മാളികക്കൽ | 11/583G-82.82$m^2$ | 3778 | 5714.58 | 1512.16 |
| | | 11/583H-64.64$m^2$ | 2948 | 4460.16 | 1936.58 |
| | ആകെ | | | | 3448.74 |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.8/13.8.2021 നൽകിയതിന് മറുപടി ലഭ്യമാക്കിയതു പ്രകാരം പുനർ നിർണ്ണയിച്ചനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

(എ) 1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3 പട്ടിക 1 പ്രകാരം പാൽ സൊസൈറ്റികൾ(പട്ടിക ക്രമ നം -132), പഞ്ചായത്തിന്റെ ലൈസൻസ് എടുത്തു പ്രവൃത്തിക്കേണ്ടവയാണ്. പഞ്ചായത്തിലെ ലൈസൻസ് സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1) പള്ളിത്തോട് ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 247 ഡി

2) പറയകാട് ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 18 ഡി

3) തുറവൂർ വടക്ക് ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 251ഡി

4) തഴുപ്പ് ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 258ഡി

(ബി) മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്
ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

<u>അപേക്ഷകരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു</u>

| ക്രമ നം: | വാർഡ് നം/ കെട്ടിട നം. | ഉടമസ്ഥന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ്/രസീത് നം | കുറവ് |
|---|---|---|---|---|---|---|
| 1 | 12/163 | രജീഷ് രാജ് ഇൻഫാബ് മാനേജിംഗ് പാർട്ട്നർ/ലിഫ്റ്റ് പാർട്ട്സ് നിർമ്മാണം | 30 HP | 300 | 150/- 1190105000003/ 2.5.19 | 150 |
| 2 | 3/204 | സുമോദ് മോഹൻ വെളിപ്പറമ്പ് നികർത്തിൽ/ ഐസ് ഫാക്ടറി | 52 HP | 1000 | 600/- 114010101586/ 30.10.19 | 400 |
| 3 | 4/32.C | സതീഷ് .എം.പൊള്ളയിൽ/ വെൽഡിംഗ് വർക്ഷോപ്പ് | 7 HP | 100 | 50/- | 50 |
| | ആകെ | | | | | 600/- |

/ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 7/12.8.21 നൽകിയതിന് വിശദീകരണം ലഭ്യമാക്കിയതു പ്രകാരം തുക ഈടാക്കി അറിയിക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

## 1-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഗവ.യു.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നിർവഹണോദ്യോഗസ്ഥയായി 2019-20 സാമ്പത്തികവർഷം നടപ്പിലാക്കിയ

പത്താംതരം/പന്ത്രണ്ടാം തരം തുല്യതാ എന്ന പ്രോജക്റ്റ് പ്രകാരം 53,650/-രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് (ബിൽ നം.1,2/29-20/4.5.19) കേരള സ്റ്റേറ്റ് സാക്ഷരതാമിഷന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 24 പഠിതാക്കൾ പ്രവേശനം നേടിയതിന്റെ രേഖകൾ, കോഴ്സ് പൂർത്തികരിച്ചതിന്റെയും രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ രേഖകൾ ലഭ്യമാകുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-15 റിക്വസിഷൻ പ്രകാരമുള്ള മരുന്ന് ലഭിച്ചില്ല

പ്രോജക്റ്റ് നം - S093/19-20

പ്രോജക്റ്റിന്റെ പേര് - വയോജനങ്ങൾക്ക് ജീവിത ശൈലി രോഗ നിർണയ ക്യാമ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

വികസനഫണ്ട് (പൊതുവിഭാഗം) - 50000/-

ബിൽ നം. 10/19-20/11.3.20., 50000/-

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് ജീവിത ശൈലി രോഗ നിർണയ ക്യാമ്പ് നടത്തുന്നതിന് മരുന്ന വാങ്ങുന്നതിനായി 21.02.2020 PRF4794 പ്രോഫോർമ ഇൻവോയിസ് പ്രകാരം കെ.എം.സി.എൽ ന് 50000/- അക്കൌണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയിരുന്നു. മെഡിക്കൽ ഓഫീസറുടെ റിക്വസിഷൻ പ്രകാരമുള്ള മരുന്നുകൾക്കാണ് പ്രോഫോർമ ഇൻവോയിസ് നൽകിയിട്ടുള്ളത്. 21.02.2020 PRF4794 പ്രോഫോർമ ഇൻവോയിസ് പ്രകാരം കാരുണ്യ ഡിപ്പോയിൽ നിന്ന് ലഭ്യമായ മരുന്നിൽ ആവശ്യപ്പെട്ട എല്ലാ ഇനത്തിനും പകരമായി രണ്ട് മരുന്നുകൾ മാത്രം അധിക അളവിലും എണ്ണത്തിലുമാണ് 50000/-രൂപയ്ക്ക് നൽകിയിരിക്കുന്നത്.

21.02.2020 ലെ PRF4794(പ്രോഫോർമ ഇൻവോയിസിന്റെ) വിശദാംശങ്ങൾ.

| SL.NO | NAME OF DRUGS | QUANTITY |
|---|---|---|
| 1 | Glucometer Strips(On Call Plus Acon)1 Strip | 2000 |
| 2 | Insugen 30/70 INJ | 200 |
| 3 | Glimepride 2MG TAB | 3638 |
| 4 | Losartan Potassium 50MG TAB | 3680 |
| 5 | Telmisartan 40 MG TAB | 3650 |
| 6 | Thyronorm 100 MCG 120 TAB | 10 |
| 7 | Metoprolol 50 MG TAB | 2900 |
| 8 | Atorvastatin 20 MG TAB (ATORBIG 20)BG | 2000 |

കാരുണ്യ ഡിപ്പോയിൽ നിന്ന് ലഭ്യമായ മരുന്നിന്റെ വിശദാംശങ്ങൾ.

| SL.NO | NAME OF DRUGS | QUANTITY |
|---|---|---|
| 1 | Atorvastatin 40 MG TAB(MP) | 10000 |
| 2 | Metformin 500 MG(AKUMS DRUGS) | 25000 |
| 3 | Metformin 500 MG TAB(MP) | 26446 |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/17.08.2021) മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ഫ്രണ്ട് ഓഫീസ് സൗകര്യങ്ങൾ ഒരുക്കൽ -വാങ്ങിയ ടി.വി സ്ഥാപിക്കാതെ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുന്നു

2018-19 വാർഷിക പദ്ധതിയുടെ ഭാഗമായി ഫ്രണ്ട് ഓഫീസ് സൗകര്യങ്ങൾ ഒരുക്കൽ (പ്രോ.നം 128/20) എന്ന പ്രോജക്റ്റ്

പ്രകാരം 32" എൽ.ഇ.ഡി ടി.വി സെറ്റ് വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ നിയോൺ കമ്പ്യൂട്ടേഴ്സ് ചേർത്തല, ആൽഫാനെറ്റ് സിസ്റ്റംസ് ചേർത്തല എന്നീ രണ്ട് സ്ഥാപനങ്ങളാണ് പങ്കെടുത്തത്. ഇതിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത നിയോൺ കമ്പ്യൂട്ടേഴ്സിൽ നിന്നും 34790 രൂപയ്ക്ക് VU എന്ന കമ്പനിയുടെ 32" എൽ.ഇ.ഡി ടി.വി വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തു. നിയോൺ കമ്പ്യൂട്ടേഴ്സുമായി കൂടിയാലോചന നടത്തുന്നതിന് 15.9.2018ലെ പഞ്ചായത്ത് ഭരണസമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിയോൺ കമ്പ്യൂട്ടേഴ്സ് ക്വോട്ട് ചെയ്ത തുകയിൽ നിന്നും 1000/- രൂപ കുറച്ച് എൽ.ഇ.ഡി ടി.വി സപ്ലൈ ചെയ്ത് 33790 രൂപയുടെ ബിൽ ഹാജരാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ബിൽ നം-524/23.3.2019). വർഷാവസാനമായതിനാൽ 2018-19 വർഷം തുക നൽകുവാൻ സാധിക്കാതിരുന്നതിനാൽ പ്രോജക്ടിന് സ്പിൽ ഓവർ അംഗീകാരം വാങ്ങിയാണ് തൻവർഷം പദ്ധതിനടപ്പാക്കിയിട്ടുള്ളത് (പ്രോ.നം 128/20).

ടെണ്ടറിൽ പങ്കെടുത്ത നിയോൺ കമ്പ്യൂട്ടേഴ്സ് ചേർത്തല, ആൽഫാനെറ്റ് സിസ്റ്റംസ് ചേർത്തല എന്നീ സ്ഥാപനങ്ങൾ വർഷങ്ങളായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളാണ് വിൽപന നടത്തിവരുന്നതെന്നും VU പോലെയുള്ള കമ്പനികളുടെ 32" എൽ.ഇ.ഡി ടി.വിയ്ക്ക് 16000 രൂപയിൽ താഴെ മാത്രമേ വിലയുള്ളുവെന്നും ഹെഡ് ക്ലാർക്ക് 26.10.2019ൽ ഫയലിൽ രേഖപ്പെടുത്തിയതിനെ തുടർന്ന് നിയോൺ കമ്പ്യൂട്ടേഴ്സുമായി വീണ്ടും കൂടിയാലോചന നടത്തിയതിനെ തുടർന്ന് ടി സ്ഥാപനം 15400 രൂപയുടെ മറ്റൊരു ബില്ല് (നം 345/6.11.2019) ഹാജരാക്കിയിട്ടുണ്ട്. ടി ബില്ലിന്റെ കോപ്പിയാണ് നിലവിൽ ഫയലിൽ ചേർത്തിരിക്കുന്നത്. തുടർന്ന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 12000 രൂപ (ബിൽ നം 20/2019-20/18.1.2020) പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന തുക തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 06/11.8.21) മറുപടി നൽകിയില്ല.

അംഗീകൃത ടി.വി ഡീലർമരിൽ നിന്നും ടെണ്ടർ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളൊന്നും സ്വീകരിക്കാതെ എൽ.ഇ.ഡി ടി.വികളുടെ അംഗീകൃത ഡീലറല്ലാത്ത മേൽ സ്ഥാപനത്തിൽ നിന്നും ഗുണനിലവാരമില്ലാത്ത ടി.വി യൂണീറ്റ് വാങ്ങുന്നതിന് പദ്ധതി വിഹിതം വിനിയോഗിച്ചത് സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങളുടെ ലംഘനമാണ്. ഗുണനിലവാരമില്ലാത്ത ടി.വി യൂണീറ്റിന് വളരെ കൂടിയ നിരക്ക് ക്വോട്ട് ചെയ്യുകയും പിന്നീടത് പകുതിയിൽ താഴെയായി കുറയ്ക്കുകയും ചെയ്ത നിയോൺ കമ്പ്യൂട്ടേഴ്സിനോട് വിശദീകരണം ചോദിക്കുകയും ടി.വി മടക്കി നൽകുകയും ചെയ്യുന്നതിന് പകരം ബിൽ പ്രകാരമുള്ള തുക അനുവദിച്ച സെക്രട്ടറിയുടെ നടപടി ക്രമവിരുദ്ധമാണ്. ടി.വിയുടെ ഗുണനിലവാരമോ വിലയോ പ്രക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ചതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഹെഡ് ക്ലാർക്കിന്റെ ഇടപെടൽ മൂലമാണ് കൂടുതൽ തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാകാതിരുന്നത്. വാങ്ങിയ ടി.വി ഗുണനിലവാരമില്ലാത്തതിനാലും എവിടെ സ്ഥാപിക്കണമെന്ന് വ്യക്തമല്ലാത്തതിനാലും ഇത് സ്ഥാപിക്കാതെ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുകയാണ്. മേൽ കാരണങ്ങളാൽ ടി.വി വാങ്ങുന്നതിനായി വിനിയോഗിച്ച 12000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. നിയോൺ കമ്പ്യൂട്ടേഴ്സിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 പച്ചക്കറി കൃഷി -മൺചട്ടി, ഗ്രോബാഗ് -പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം-79/2020

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

അടങ്കൽ-6,26,400/-(വികസന ഫണ്ട്-ജനറൽ-Rs.4,68,000, തനത് ഫണ്ട്-1800, ഗുണഭോക്തൃവിഹിതം- 156600)

ചെലവ് -626400/(വികസന ഫണ്ട് -ജനറൽ -Rs.4,68,000, തനത് ഫണ്ട്-1800, ഗുണഭോക്തൃവിഹിതം- 156600)

ബിൽ നം- 08/2019-20 Rs. 1,27500/- C/O 22/01/2020

13/2019-20 Rs.84000/- C/O 26/01/2020

16/2019-20 Rs.94500/- C/O 13/03/2020

18/2019-20 Rs.84000/- C/O 13/03/2020

28/2019-20 Rs.25500/- C/O 05/03/2020

2019-20 സാമ്പത്തിക വർഷം കത്തിയതോട് ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പച്ചക്കറി വികസന പദ്ധതി (മൺചട്ടി/ഗ്രോബാഗ്) പ്രകാരം ഗ്രാമപഞ്ചായത്തിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് 3760 മൺചട്ടിയും 1250 ഗ്രോബാഗും വിതരണം ചെയ്തതിന് ആകെ 6,26,400/- രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ,

തിരുവനന്തപുരം തി.14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.11 പ്രകാരമാണ് ഈ വിഭാഗത്തിൽ ധനസഹായം നൽകാൻ അനുവദിച്ചിട്ടുള്ളത്. പദ്ധതി നിർദ്ദേശങ്ങൾ പ്രകാരം ഒരു കുടുംബത്തിന് പരമാവധി 25 ഗ്രോബാഗ്/മൺചട്ടിയാണ് നൽകാവുന്നത്. മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം കർഷക ഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്ന (10 ഇഞ്ച് വലിപ്പമുള്ളവ) മൺചട്ടികളാണെങ്കിൽ പ്രാദേശികമായി വാങ്ങി നൽകാം. ഇവയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ തീരുമാനിക്കുന്നതാണ്. പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധിച്ചതിൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

പദ്ധതി നടത്തിപ്പിലെ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത പോട്ടിംഗ് മിശ്രിതം നിറച്ച 3760 മൺചട്ടിയും 1250 ഗ്രോബാഗും യഥാക്രമം 140രൂപ, 80രൂപ നിരക്കിൽ കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടണക്കാട് അഗ്രോ സർവ്വീസ് സൊസൈറ്റിയിൽ നിന്നാണ് വാങ്ങിയത്. കർഷക ഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്ന മൺചട്ടികളാണ് ടെണ്ടർ, ക്വട്ടേഷൻ എന്നിവയില്ലാതെ പ്രാദേശികമായി വാങ്ങി നൽകാൻ അനുമതിയുള്ളത്. എന്നാൽ ഈ കർഷക സംഘം സ്വയം ഉത്പാദിപ്പിക്കാത്ത മൺചട്ടി ടെണ്ടർ, ക്വട്ടേഷൻ നടപടികൾ കൂടാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. ഇത് മൂലം മത്സരാധിഷ്ഠിത ടെണ്ടർ ക്വട്ടേഷൻ നടപടികൾ വഴി കുറഞ്ഞ വിലയ്ക്ക് ലഭിക്കാനുള്ള സാധ്യത പരിശോധിക്കപ്പെട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കർഷക സമിതി സ്വയം നിർമ്മിച്ചതല്ലെങ്കിലും ക്വട്ടേഷൻ വഴി കുറഞ്ഞ നിരക്കിലാണ് കർഷക സംഘം മൺചട്ടി വാങ്ങി നൽകിയത് എന്നാണ് കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളത്. കർഷക സംഘത്തിന് പകരം നിർവ്വഹണ ഉദ്യോഗസ്ഥ നേരിട്ട് വാങ്ങൽ നടത്തിയിരുന്നെങ്കിൽ ഈ വിലക്കുറവ് പഞ്ചായത്തിന് ലഭിക്കാൻ സാഹചര്യമുണ്ടാകുമായിരുന്നു.
2. ഈ പദ്ധതി പ്രകാരമുള്ള വാങ്ങലിനുള്ള യൂണിറ്റ് കോസ്റ്റ് ജില്ലാതല ത്തിൽ പ്രത്യേക കമ്മിറ്റിയാണ് നിശ്ചയിക്കേണ്ടത്. 2019-20 സാമ്പത്തിക വർഷം ഉത്തരവ് നം. 3188/2019/DPC/DPO/ALP Dtd 15/06/2019 പ്രകാരം നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് 10 ഇഞ്ച് വലിപ്പത്തിലുള്ള ചട്ടിക്ക് 100 രൂപയാണ്. 12 ഇഞ്ച് വലിപ്പത്തിലുള്ള ചട്ടിക്ക് 130 രൂപയുമാണ്. വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിൽ 10 ഇഞ്ച് വലിപ്പത്തിലുള്ള പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടിയാണ് നൽകാൻ നിർദ്ദേശിച്ചിട്ടുള്ളത്. 2019-20 പദ്ധതിയിൽ ജില്ലാതല സമിതി നിശ്ചയിച്ച യൂണിറ്റ് വിലയിലും അധിക നിരക്കിൽ, യൂണിറ്റിന് 140 രൂപ നിരക്കിലാണ് പട്ടണക്കാട് അഗ്രോ സർവ്വീസ് സൊസൈറ്റിയിൽ നിന്നും പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി വാങ്ങി നൽകിയത്. മൺചട്ടിയുടെ വലിപ്പം സ്ഥാപനത്തിന്റെ ഒരു ബില്ലിലും രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (നം-13 Dtd 13/08/2021) നൽകിയ മറുപടിയിൽ 10 ഇഞ്ച് വലിപ്പത്തിലുള്ള മൺചട്ടിയാണ് വാങ്ങി നൽകിയത് എന്നും ജില്ലാതലത്തിൽ നിശ്ചയിച്ച 100 രൂപ യൂണിറ്റ് കോസ്റ്റ് 10 ഇഞ്ച് വലിപ്പത്തിലുള്ള ചട്ടിക്ക് മാത്രമാണെന്നും അതിലെ പോട്ടിംഗ് മിശ്രിതത്തിനും തൈകൾക്കുമായാണ് 140 രൂപ നൽകിയത് എന്നുമാണ് കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തീയതി.14/02/2018 പ്രകാരമുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.11 പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി/ഗ്രോബാഗുകളാണ് യൂണിറ്റ് കോസ്റ്റ് പ്രകാരം നൽകാൻ അനുവാദമുള്ളത്. ആയതിനാൽ തന്നെ മൺചട്ടി മാത്രമായി വിതരണം ചെയ്യാൻ പദ്ധതി ഏറ്റെടുക്കാവുന്നതല്ല.
മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി അധികം ചെലവഴിച്ച 150400 (3760 X 40) രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 1-18 നെൽകൃഷി വികസനം-പ്രോജക്ട് വിശദാംശങ്ങൾ മുഴുവൻ ലഭ്യമാക്കിയില്ല

പ്രോജക്ട് നം-78/2020

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

അടങ്കൽ-1,48,750/-(വികസന ഫണ്ട്-ജനറൽ)

ബിൽ നം- 03/2019-20 Rs. 1,48,750/- C/O 04/10/2020

കൃഷി ഓഫീസർ നടപ്പിലാക്കിയ നെൽകൃഷി വികസന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് 1750 Kg പൊക്കാളി നെൽവിത്ത് 85/Kg നിരക്കിൽ നല്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 1,48,750/- രൂപ ചെലവഴിച്ചിട്ടുണ്ട്.

വാവക്കാട് മുക്കാൽ വീതം പാടശേഖരസമിതി - 550 Kg

കൊച്ചുവാവക്കാട് നെല്ലുത്പാദക സംഘം സമിതി- 800 Kg

പള്ളിത്തോട് പാടശേഖര നെല്ലുത്പാദക സമിതി- 400 Kg

എന്നിങ്ങനെയാണ് നെൽവിത്ത് വിതരണം ചെയ്തിരിക്കുന്നത്. പാടശേഖരസമിതികൾക്ക് നൽകിയ നെൽവിത്ത് സമിതി കർഷകർക്ക് നൽകിയതിന്റെ വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്. കർഷകരുടെ കൈവശഭൂമി/ പാട്ടഭൂമിയുടെ വിശദാംശങ്ങൾ, അപേക്ഷയോടൊപ്പം ലഭ്യമാക്കേണ്ട കരം അടച്ച രസീത്/താത്കാലിക കർഷകൻ നല്കുന്ന സത്യവാങ്മൂലം, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കിയിട്ടില്ല. പാട്ടകൃഷി നടത്തുന്ന കർഷകരുടെ പാട്ടക്കരാറും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.എന്നാൽ ഇവയൊന്നും ഫയലിനൊപ്പമില്ല.ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാൻ എൻക്വയറി നൽകിയെങ്കിലും (നം-10 Dtd 13/08/2021) മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കിയില്ല. പദ്ധതി സംബന്ധമായ എല്ലാ രേഖകളും ഉറപ്പുവരുത്തിമാത്രം ആനുകൂല്യം അനുവദിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 തെങ്ങിന് മരുന്ന തളി - പദ്ധതി തുക അഡ്വാൻസായി നൽകി

പ്രോജക്ട് നം-82/2020

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

അടങ്കൽ-1,00,000/-(വികസനഫണ്ട്-ജനറൽ-Rs.75,000, ഗുണ.വിഹിതം- 25000)

ചെലവ് -1,00,000/(വികസന ഫണ്ട് -ജനറൽ -Rs. 75,000, ഗുണ.വിഹിതം 25000 )

ബിൽ നം- 10/2019-20 Rs. 75,000/- C/O 22/01/2020

2019-20 സാമ്പത്തിക വർഷം കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ തെങ്ങിന് മരുന്നതളി പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ കർഷകരുടെ 1000 തെങ്ങുകൾക്ക് മരുന്നതളിക്കുന്നതിന് തെങ്ങൊന്നിന് 100 രൂപ വീതം 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടണക്കാട് അഗ്രോ സർവ്വീസ് സൊസൈറ്റിയെയാണ് ഇതിനായി നിയോഗിച്ചത്. സമിതി 20/12/2019 ൽ നൽകിയ 20 നമ്പർ രസീതി പ്രകാരം തുക മാറി നൽകുകയാണ് ചെയ്തിട്ടുള്ളത്. ചെലവ് രേഖകൾ പരിശോധിച്ചതിൽ സൊസൈറ്റി ബിൽ നൽകിയ 20/12/2019 ൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. സൊസൈറ്റി ഹാജരാക്കിയ രേഖകൾ പ്രകാരം തുക കൈപ്പറ്റിയ ശേഷം 2020 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി മാത്രമാണ് ഭൂരിഭാഗം തെങ്ങുകളിലും മരുത്തുതളി നടത്തിയിട്ടുള്ളത്.സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ Dtd 14.02.2018 ഖണ്ഡിക 2.11 പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ട സംഗതികൾക്ക് മാത്രമാണ് സബ്സിഡി മുൻകൂറായി നൽകാൻ അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ പ്രവർത്തി നടത്തി എന്നുറപ്പുവരുത്താതെ കർഷക സംഘത്തിന് മുഴുവൻ തുകയും അഡ്വാൻസായി നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാൻ എൻക്വയറി നൽകിയതിന് (നം-12 Dtd 13/08/2021) കാലാവസ്ഥ മോശമായതിനാലാണ് പദ്ധതി സമയ ബന്ധിതമായി നടത്താൻ സാധിക്കാതിരുന്നതെന്നും സ്പിൽ ഓവറായി പദ്ധതി നൂറ് ശതമാനവും പൂർത്തികരിച്ചതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം തൃപ്തികരമായി നടത്തി എന്നുറപ്പുവരുത്താതെ കർഷക സംഘത്തിന് മുഴുവൻ തുകയും മുൻകൂർ നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ വീഴ്ചയാണ്. പദ്ധതി സംബന്ധമായ എല്ലാ രേഖകളും ഉറപ്പുവരുത്തിമാത്രം ആനുകൂല്യം അനുവദിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 ദർഘാസ് പരസ്യങ്ങൾ വിൻഡോ മാതൃകയിൽ, നിർദിഷ്ട വലുപ്പത്തിൽ നൽകാതിരുന്നത് അധികച്ചെലവിനിടയാക്കി

ദർഘാസ് പരസ്യങ്ങൾ വിൻഡോ മാതൃകയിൽ, രണ്ട് കോളം 8cmx3cm=24cm$^2$ വലുപ്പത്തിലുള്ളതായിരിക്കണമെന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും (സ.ഉ(അ)/01/04/ ഐ.ആൻഡ്.പി.ആർ തീയതി.01-01-04) സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് മരാമത്ത് ജോലികൾക്കായി നൽകിയ ചില പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വൌച്ചർ നം / തീയതി | ദിനപത്രം/ പരസ്യ നിരക്ക് | പരസ്യത്തിന്റെ വലുപ്പം | ചെലവ് | അനുവദനീയ മായ വലുപ്പം | അനുവദനീയ മായ ചെലവ് | അധികം നൽകിയത് |
|---|---|---|---|---|---|---|
| 21900489/ 23.9.2019 | മാതൃഭൂമി @225 | 8x7=56cm$^2$ | 12600/- 15% Discount | 8x3=24 Cm$^2$ | 5400/- 15% Discount-810 | 6426 |

| | | | | | | |
|---|---|---|---|---|---|---|
| | | | (1890) + Tax 535.5 (5%) =11245.5 | | +Tax 229.5(5%) =4819.5 | |
| 21900489/ 28.9.2019 | മാതൃഭൂമി @225 | 8x6=48cm$^2$ | 10800/- 5% Discount- 16200 +Tax 459(5%) =9639 | 8x3=24 Cm$^2$ | 5400/- 15% Discount-810 +Tax 229.5(5%) =4819.5 | 4820 |
| .21900489/ 23.9.2019 | മാതൃഭൂമി@225 | 8x4=32cm$^2$ | 7200-15% Discount- 1080)+ Tax 5% (306) 6426 | 3x8=24 Cm$^2$ | 5400/- 15% Discount-810 +Tax 229.5(5%) =4819.5 | 1606 |
| 21900752 /1112.2019 NEFT/RTGS 912.2019 | മാതൃഭൂമി@225 | 8x7=56cm$^2$ | 12600/-15% Discount (1890) + Tax 535.5 (5%) =11245.5 | 3x8=24 Cm$^2$ | 5400/- 15% Discount-810 +Tax 229.5(5%) =4819.5 | 6426 |

സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണ (നം. 4/10.8.21)ത്തിലൂടെ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-21 ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം. 89/19-20 ഇറവൂർ താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റിനു ഗ്രാമപഞ്ചായത്ത് വിഹിതം.

അടങ്കൽ : 1,20,000/- വികസനഫണ്ട് (പൊതുവിഭാഗം)

ചെലവ് : 1,20,000/-1)ബിൽ നം.11/19-20,11.3.20 തുക. 50000/-

2)ബിൽ നം. 10/19-20,11.3.20 തുക.50000/-

3)ബിൽ നം. 6/19- 20,22.12.19, 20000/-

ടി പ്രോജക്ട് പ്രകാരം ഇറവൂർ താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റിനു ഗ്രാമപഞ്ചായത്ത് വിഹിതം. നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും 1,20,000/- രൂപ ഇറവൂർ ഡയാലിസിസ് യൂണിറ്റിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയിരുന്നു. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/17.08.2021) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി എച്ച് സിക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് നം-88/19-20) പ്രകാരം രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി 21/03/2020 ലെ PRF 5507നം പ്രോഫോർമ ഇൻവോയിസ് പ്രകാരം കെ.എം.സി.എൽ ന് 9505 രൂപ അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് വിവരങ്ങളോ മരുന്ന് ലഭ്യമായോ എന്നത് സംബന്ധിച്ച രേഖകളോ ഫയലിൽ നൽകിയിട്ടില്ല.

| പ്രോജക്ട് നം/ പേര് | ബിൽ.നം/തീയതി | പ്രോഫോർമ ഇൻവോയിസ് നം / തീയതി | തുക | മരുന്ന് ലഭിച്ചത് (രൂപയിൽ) | ഇനി ലഭിയ്ക്കാനുള്ളത് (രൂപയിൽ) |
|---|---|---|---|---|---|
| 88/19-20 പി എച്ച് സിക്ക് മരുന്ന് വാങ്ങൽ | ബിൽ നം. 17/19-20/31.3.20,9505/- | പി.ആർ.എഫ് 5507/Dt.21/03/2020 | 9505 | Nil | 9505 |

അഡ്വാൻസായി തുക നൽകിയിട്ടും മരുന്നുകൾ ലഭിയ്ക്കാത്തതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം 09/12..8.2021) നൽകിയതിൽ മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ 9505/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 ഓഡിറ്റ് ഇംപാക്ട്

കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ റിവൈസ്ഡ് എഡിഷൻ 2012-(Revised As Per G.O.(P)No.13/2012/PWD Dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവർത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസിൽ നിഷ്കർഷിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ കരാറിലേർപ്പെട്ടിട്ടില്ലായെങ്കിൽ ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് പറഞ്ഞിരിക്കുന്നു. കുത്തിയതോട് ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ കെ.പി കുന്നത്ത് റോഡ് മെറ്റലിംഗ് & ടാറിംഗ് (വാർഡ്-5) എന്ന പദ്ധതിയുടെ കരാറുകാരൻ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയിട്ടും കോൺട്രാക്ട് തുകയുടെ 1% പിഴ ഈടാക്കിയിരുന്നില്ല. ഫൈൻ തുക ഈടാക്കി വിവരം നല്കാനാവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി (നം.2 തീയതി. 09.08.2021) നല്കിയതിനെ തുടർന്ന് ഫൈൻ ഇനത്തിലുള്ള 3795/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്തിൽ അടച്ച് രസീത് (രസീത് നം.121010100440 തീയതി, 11.08.2021)ഹാജരാക്കി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 പച്ചക്കറി കൃഷി -മൺചട്ടി, ഗ്രോബാഗ് -പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം-79/2020

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

അടങ്കൽ-6,26,400/-(വികസന ഫണ്ട്-ജനറൽ -Rs.4,68,000, തനത് ഫണ്ട്-1800, ഗുണഭോക്തൃവിഹിതം- 156600)

ചെലവ് -626400/(വികസന ഫണ്ട് -ജനറൽ -Rs.4,68,000, തനത് ഫണ്ട്-1800, ഗുണഭോക്തൃവിഹിതം- 156600)

ബിൽ നം- 08/2019-20 Rs. 1,27500/- C/O 22/01/2020

13/2019-20 Rs.84000/- C/O 26/01/2020

16/2019-20 Rs.94500/- C/O 13/03/2020

18/2019-20 Rs.84000/- C/O 13/03/2020

28/2019-20 Rs.25500/- C/O 05/03/2020

2019-20 സാമ്പത്തിക വർഷം കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പച്ചക്കറി വികസന പദ്ധതി (മൺചട്ടി/ഗ്രോബാഗ്) പ്രകാരം ഗ്രാമപഞ്ചായത്തിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് 3760 മൺചട്ടിയും 1250 ഗ്രോബാഗും വിതരണം ചെയ്തതിന് ആകെ 6,26,400/- രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തീയതി.14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.11 പ്രകാരമാണ് ഈ വിഭാഗത്തിൽ ധനസഹായം നൽകാൻ അനുവദിച്ചിട്ടുള്ളത്. പദ്ധതി നിർദ്ദേശങ്ങൾ പ്രകാരം ഒരു കുടുംബത്തിന് പരമാവധി 25 ഗ്രോബാഗ്/മൺചട്ടിയാണ് നൽകാവുന്നത്. മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം കർഷക ഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്ന (10 ഇഞ്ച് വലിപ്പമുള്ളവ) മൺചട്ടികളാണെങ്കിൽ പ്രാദേശികമായി വാങ്ങി നൽകാം. ഇവയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ തീരുമാനിക്കുന്നതാണ്. പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധിച്ചതിൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

പദ്ധതി നടത്തിപ്പിലെ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത പോട്ടിംഗ് മിശ്രിതം നിറച്ച 3760 മൺചട്ടിയും 1250 ഗ്രോബാഗും യഥാക്രമം 140രൂപ, 80രൂപ നിരക്കിൽ കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടണക്കാട് അഗ്രോ സർവ്വീസ് സൊസൈറ്റിയിൽ നിന്നാണ് വാങ്ങിയത്. കർഷക ഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്ന മൺചട്ടികളാണ് ടെണ്ടർ, ക്വട്ടേഷൻ എന്നിവയില്ലാതെ പ്രാദേശികമായി വാങ്ങി നൽകാൻ അനുമതിയുള്ളത്. എന്നാൽ ഈ കർഷക സംഘം സ്വയം ഉത്പാദിപ്പിക്കാത്ത മൺചട്ടി ടെണ്ടർ, ക്വട്ടേഷൻ നടപടികൾ കൂടാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. ഇത് മൂലം മത്സരാധിഷ്ഠിത ടെണ്ടർ ക്വട്ടേഷൻ നടപടികൾ വഴി കുറഞ്ഞ വിലയ്ക്ക് ലഭിക്കാനുള്ള സാധ്യത പരിശോധിക്കപ്പെട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കർഷക സമിതി സ്വയം നിർമ്മിച്ചതല്ലെങ്കിലും ക്വട്ടേഷൻ വഴി കുറഞ്ഞ നിരക്കിലാണ് കർഷക സംഘം മൺചട്ടി വാങ്ങി നൽകിയത് എന്നാണ് കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളത്. കർഷക സംഘത്തിന് പകരം നിർവ്വഹണ ഉദ്യോഗസ്ഥ നേരിട്ട് വാങ്ങൽ നടത്തിയിരുന്നെങ്കിൽ ഈ വിലക്കുറവ് പഞ്ചായത്തിന് ലഭിക്കാൻ സാഹചര്യമുണ്ടാകുമായിരുന്നു.
2. ഈ പദ്ധതി പ്രകാരമുള്ള വാങ്ങലിനുള്ള യൂണിറ്റ് കോസ്റ്റ് ജില്ലാതല ത്തിൽ പ്രത്യേക കമ്മിറ്റിയാണ് നിശ്ചയിക്കേണ്ടത്. 2019-20 സാമ്പത്തിക വർഷം ഉത്തരവ് നം 3188/2019/DPC/DPO/ALP Dtd 15/06/2019 പ്രകാരം നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് 10 ഇഞ്ച് വലിപ്പത്തിലുള്ള ചട്ടിക്ക് 100 രൂപയാണ്. 12ഇഞ്ച് വലിപ്പത്തിലുള്ള ചട്ടിക്ക് 130 രൂപയുമാണ്. വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിൽ 10 ഇഞ്ച് വലിപ്പത്തിലുള്ള പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടിയാണ് നൽകാൻ നിർദ്ദേശിച്ചിട്ടുള്ളത്. 2019-20 പദ്ധതിയിൽ ജില്ലാതല സമിതി നിശ്ചയിച്ച യൂണിറ്റ് വിലയിലും അധിക നിരക്കിൽ, യൂണിറ്റിന് 140 രൂപ നിരക്കിലാണ് പട്ടണക്കാട് അഗ്രോ സർവ്വീസ് സൊസൈറ്റിയിൽ നിന്നും പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി വാങ്ങി നൽകിയത്. മൺചട്ടിയുടെ വലിപ്പം സ്ഥാപനത്തിന്റെ ഒരു ബില്ലിലും രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (നം-13 Dtd 13/08/2021) നൽകിയ മറുപടിയിൽ 10 ഇഞ്ച് വലിപ്പത്തിലുള്ള മൺചട്ടിയാണ് വാങ്ങി നൽകിയത് എന്നും ജില്ലാതലത്തിൽ നിശ്ചയിച്ച 100 രൂപ യൂണിറ്റ് കോസ്റ്റ് 10 ഇഞ്ച് വലിപ്പത്തിലുള്ള ചട്ടിക്ക് മാത്രമാണെന്നും അതിലെ പോട്ടിംഗ് മിശ്രിതത്തിനും തൈകൾക്കുമായാണ് 140 രൂപ നൽകിയത് എന്നുമാണ് കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തീയതി.14/02/2018 പ്രകാരമുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.11 പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി/ഗ്രോബാഗുകളാണ് യൂണിറ്റ് കോസ്റ്റ് പ്രകാരം നൽകാൻ അനുവാദമുള്ളത്. ആയതിനാൽ തന്നെ മൺചട്ടി മാത്രമായി വിതരണം ചെയ്യാൻ പദ്ധതി ഏറ്റെടുക്കാവുന്നതല്ല.
   മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി അധികം ചെലവഴിച്ച 150400 (3760x40) രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് | 2019-20 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| | | 187500 | സ്കോളർഷിപ്പ് | 187420 | 80 |
| | | 2157200 | ലൈഫ് | 1430000 | 727200 |
| | | 50000 | അഗതിആശ്രയ | 50000 | 0 |
| ആകെ | | 2594700 | | 1867420 | 727280 |
| ജില്ല | 2019-20 | 100000 | അംഗൻവാടി പോഷകാഹാരം | 0 | 100000 |
| | | 1345832 | ലൈഫ് | 1345832 | |
| | 2018-19 | 750000 | എസ് സി അഗതി ലൈഫ് | 320000 | 430000 |
| | | | | | |
| ആകെ | | | | 1665832 | |
| | | | | | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7380000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | 7380000 | 16484168 | 1426471 | | 22437697 |

.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6153327 |
| തൻവർഷം നിക്ഷേപിച്ച തുക | 447862 |
| ആകെ | 6601189 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6601189 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2500/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ | വൗച്ചർ നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | പേരും ഉദ്യോഗപ്പേരും | |
| 2015-16 | | 2500 | Saraswathy Finance Cooperation | 942692100022, 30- May-2019 |
| | | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3.9 | 2011-12 | 2.6 | 100 എസ് സി കുടുംബങ്ങൾക്ക് കണക്ഷൻ എടുക്കുന്നതിനായി 450000 രൂപ KWAയിൽ നിക്ഷേപിച്ചു. നാളിതുവരെ വർക്ക് പൂർത്തീകരിക്കുകയോ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട് |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 76226622 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 69056735 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 150400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,83,155 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 150400 | ശ്രീമതി സിജി.എൻ.നാഥ്, കൃഷി ഓഫീസർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| നമ്പർ | | ഉദ്യോഗപ്പേരും |
| 1-14 | 53,650/- | ജലജ വി പൈ<br>പ്രധാന അധ്യാപിക ഗവ എൽ പി എസ് |
| 1-21 | 1,00,000/-<br><br>20,000 | ഡോ അഖില<br>മെഡിക്കൽ ഓഫീസർ<br>കിളിമാനൂർ,കൊല്ലം<br>ഡോ.കീർത്തി കെ.കുട്ടൻ, മെഡിക്കൽ ഓഫീസർ, പള്ളിത്തോട് പി എച്ച് സി |
| 1-22 | 9,505/- | ഡോ.കീർത്തി കെ.കുട്ടൻ,<br>മെഡിക്കൽ ഓഫീസർ<br>പള്ളിത്തോട് പി എച്ച് സി |
| | 1,83,155 | |
| | | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ജലജ.വി.പൈ<br>ഗവ യു പി എസ് പറയകാട് | പ്രധാന അധ്യാപിക<br>ഗവ യു പി എസ് പറയകാട് | സുദർശനം<br>തിരുമലഭാഗം പി ഒ |
| 2 | ഡോ റൂബി<br>മെഡിക്കൽ ഓഫീസർ<br>പള്ളിത്തോട് പി എച്ച് സി | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി ഉറവൂർ | കൃഷ്ണഗായത്രി<br>സി എം സി 30 |
| 3 | ഡോ അഖില<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>കിളിമാനൂർ, കൊല്ലം | യദുകുലം,<br>കടപ്പാകട,പി.ഓ,<br>തിരുവനന്തപുരം |
| 4 | ഡോ.കീർത്തി കെ.കുട്ടൻ | മെഡിക്കൽ ഓഫീസർ, പള്ളിത്തോട് പി എച്ച്സി | ഇന്ദീവരം, സി.എം.സി.13, ചേർത്തല |
| 5 | സിജി.എൻ.നാഥ്,<br>കൃഷി ഓഫീസർ | കൃഷി ഭവൻ, കുത്തിയതോട് | പഴയത്ത് ഹൌസ്,<br>കണ്ണങ്കര.പി.ഒ.<br>ചേർത്തല |

## <u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ.9-180/98/ 3-07-98/10-12-98 |
| 1999-00, 2000-01 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2002-03 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| | |

| | |
|---|---|
| 2003-04 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2005-06 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2006-07 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2007-08 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2008-09 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2009-10 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2010-11&2011-12 | എൽ.എഫ്.എ.പി2- 134/13/21.03.2013 |
| 2012-13 | എൽ.എഫ്.എ.പി2- 101/14/29.04.2014 |
| 2013-2014 & 2014-15 | കെ.എസ്.എ.എ.എൽ.പി/പി2-374/2016/26.03.2017 |
| 2015-16 | കെ.എസ്.എ.എ.എൽ.പി/പി2 -1480/16/28.02.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി/പി2-1184/17/18.09.2017 |
| 2017-2018 | കെ.എസ്.എ.എ.എൽ.പി/പി2-1204/18/21.6.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്